# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4189

16.12.2014-ൽ
മറുപടിയ്ക്ക്

## മാവൂർ ഗ്വാളിയോർ റയൺസ് വക സ്ഥലം

| ചോദ്യം<br>ശ്രീ. പി.റ്റി.എ.റഹീം | | മറുപടി<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) മാവൂർ ഗ്വാളിയർ റയൺസിന്റെ കൈവശത്തിൽ എത്ര സ്ഥലമാണുള്ളത്; ഇതിൽ എത്ര ഏക്കർ കമ്പനി സ്വയം ആർജ്ജിച്ചതായുണ്ട്; | എ) | വ്യാവസായികാവശ്യത്തിനായി പല ഘട്ടങ്ങളിലായി സർക്കാർ ഏറ്റെടുത്തു നൽകിയ 246.33 ഏക്കർ ഭൂമിയും വ്യക്തികളിൽ നിന്നും കമ്പനി നേരിട്ട് വാങ്ങിയ 80.19375 ഏക്കർ ഭൂമിയും കമ്പനിയുടെ കൈവശത്തിലുണ്ട്. |
| ബി) പ്രസ്തുത കമ്പനിക്ക് നഷ്ടപരിഹാരം നൽകി സ്വത്തുക്കൾ ഏറ്റെടുത്ത് കിൻഫ്രയെ ഏൽപ്പിക്കുന്നതിന് തയ്യാറാവുമോ? | ബി) | വ്യാവസായികാവശ്യത്തിനായി ഏറ്റെടുത്തു നൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനെതിരെ കമ്പനി ബഹു.ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഓർഡർ നേടിയതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.<br>ഭൂമി തിരിച്ചെടുത്ത് ഇവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഭൂമി തിരിച്ചെടുക്കുന്നതിനെതിരെ കമ്പനി ബഹു.ഹൈക്കോടതിയിൽ നിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിനു വേണ്ട നടപടി സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ